(ബി) ഇതുസംബന്ധിച്ച് എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നിട്ടുണ്ട് ; അതിൽ എത്ര പേർക്ക് ജീവനാശം സംഭവിച്ചു ;

(സി) ഭക്ഷ്യവിഷബാധ സംബന്ധിച്ച് ഏതെങ്കിലും സംവേങ്ങം ഗവണ്മെൻറ് അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 11 കേസ്സുകളം. അവ ചിറക്കളം, കൊല്ലം, എഴപ്പുന്ന, മുഹമ്മ, വെണ്ണിക്കളം, അരുക്കുറ്റി, എറണാകുളം, ഒല്ലൂർ, തലശ്ശേരി, കൊപ്പം, മണ്ണന്തേരി എന്നീ സ്ഥലങ്ങളിലാണ് അപകടങ്ങം സംഭവിച്ചതു്.

(ബി) 495 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവരിൽ 8 പേർക്ക് ജീവനാശം സംഭവിച്ചു.

(സി) ഭക്ഷ്യവിഷബാധകളം സംബന്ധിച്ച് പബ്ലിക്ക് ഹെൽത്തു് ഉദ്യോഗസ്ഥന്മാരും മെഡിക്കൽ ഉദ്യോഗസ്ഥന്മാരും പ്രത്യേക അന്വേഷണങ്ങം നടത്തുകയും വിഷബാധയുള്ള പ്രത്യേക കാരണങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് ഗവണ്മെൻറിലേക്ക് സമർപ്പിക്കുകയുമാണ് സാധാരണ പതിവു്. ഭക്ഷ്യവിഷബാധകളുണ്ടാകുമ്പോം സംശയിക്കപ്പെടുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ സാമ്പിളുകം വിഷാംശം കലർന്നതാണോയെന്നു് പരിശോധിക്കുവാൻ ഗവണ്മെൻറ് അനലിസ്റ്റ് ലാബറട്ടറിയിലേക്ക് അയച്ചുകൊടുക്കുന്നു. പരിശോധനാഫലം അപ്പഴപ്പോം ഗവണ്മെൻറ് അനലിസ്റ്റ് ഗവണ്മെൻറിനെ അറിയിക്കുന്നു. ഈ അന്വേഷണങ്ങളുടെയും ഉപരിയായ ലാബറട്ടറി പരിശോധനകളുടെയും ഫലമായി മിക്ക കേസ്സുകളിലും കൃമിക്കൽ പോയിസനാണ് വിഷബാധയുള്ള കാരണമെന്നു് തെളിഞ്ഞിട്ടില്ല. Gastroentritis തുടങ്ങിയ രോഗകാരണങ്ങളായ ചില ജീവകങ്ങം മാത്രമേ ലാബറട്ടറി പരിശോധനയിൽ കണ്ടിട്ടുള്ളൂ. ഇതിനുള്ള കാരണം ഭക്ഷണം പാകം ചെയ്യുന്നതിലും അവ കൈകാര്യം ചെയ്യുന്നതിലുമുള്ള അശ്രദ്ധയാണ്.

ഹോം നേഴ്സിംഗ്.

* 238. [34] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഹോം നേഴ്സിംഗ് പരിശീലനത്തിനു് തിരഞ്ഞെടുക്കപ്പെടുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്ത എത്ര പെൺകുട്ടികളം സ്റ്റേറ്റിലുണ്ട് ;

(ബി) ഇവർ തുടന്നു് അതതുസ്ഥലത്തെ ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു വരികയാണോ;

(സി) ഇവർക്ക് എന്തെങ്കിലും പ്രതിഫലമോ അലവൻസോ നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് ഉപരിപരിശീലനം നൽകുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിന്റെ പരിപാടി എന്താണു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1,380.

(ബി) അല്ല.

(സി) ഇല്ല.

(ഡി) പ്രതിരോധ സജ്ജീകരണനടപടിയുടെ ഒരു രോഗമായി വേണ്ടി വന്നാൽ എമർജൻസി, ക്യാഷ്വാലിറ്റി സർവീസ് നടത്തുന്നതിനു് ജനങ്ങൾക്ക് പരിശീലനം നൽകുക എന്നതുമാത്രമായിരുന്നു ഗവണ്മെൻറിന്റെ ഉദ്ദേശം. അല്ലാതെ പരിശീലനം കഴിഞ്ഞവർക്ക് ജോലിയോ ഉപരി പരിശീലനമോ, അലവൻസോ കൊടുക്കണമെന്നു ഉദ്ദേശിച്ചല്ല ഇവരെ തിരഞ്ഞെടുത്തതു്.

LIBRARY ARCHIVES Kerala Legislative Assembly